(ബി) തടസ്സം നീക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ & ബി) ഇപ്പോഴം തടസ്സമൊന്നുമില്ല. ഇന്ത്യാ ഗവൺമെൻറിന്റെ പുതിയ നയമനുസരിച്ച് സ്വയംതൊഴിൽ പദ്ധതി ഏഴാം പദ്ധതിക്കാലം മുഴുവൻ തുടർന്നു നടത്തുന്നതാണ്.

കോഴിക്കോട് ഗവാളിയോർ റയോൺസ് ഫാക്ടറി

* 66. [66] ശ്രീ. ടി. കെ. ആറുമുഖൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, കെ. മൂസ്സക്കുട്ടി :
,, ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൂട്ടിക്കിടക്കുന്ന കോഴിക്കോട്ടെ ഗവാളിയോർ റയോൺസ് ഫാക്ടറി ഗവൺമെൻറ് ഏറെറടുത്ത് പ്രവർത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

വിവിധ ആവശ്യങ്ങളുന്നയിച്ച് തൊഴിലാളികൾ പണിമുടക്കിയതിനാലാണ് ഫാക്ടറിയുടെ പ്രവർത്തനം നിലച്ചത്. മാനേജുമെൻറും തൊഴിലാളികളുമായി ഒത്തുതീർപ്പുണ്ടാക്കുന്നതിനും ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ എല്ലാ ശ്രമങ്ങളും തുടർന്നുവരികയാണ്. ഈ സാഹചര്യത്തിൽ ഇപ്പോഴം ഫാക്ടറി ഗവൺമെൻറ് ഏറെറടുക്കുന്ന കാര്യം ഉദിക്കുന്നില്ല.

കശുവണ്ടി വ്യവസായരംഗത്തെ പ്രതിസന്ധി

* 67. [67] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, സി. കെ. തങ്കപ്പൻ :
,, ഇ. പത്മനാഭൻ :
,, വർക്കല രാധാകൃഷ്ണൻ :
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വ്യവസായരംഗത്തെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളം എന്തൊക്കെയാണ് ;

(ബി) സംസ്ഥാനത്തെ മുഴുവൻ കശുവണ്ടിത്തൊഴിലാളികൾക്കും തുടർച്ചയായി തൊഴിൽ നൽകാൻ കഴിയുന്ന എന്തെങ്കിലും നടപടി സർക്കാരിനുണ്ടോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) കശുവണ്ടി വ്യവസായം ഇന്ന് ഒരു പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണെന്ന് ഗവൺമെൻറ് കരുതുന്നില്ല.

(ബി) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളം സഹകരണമേഖലയിൽ കൊണ്ടുവന്ന് പ്രവർത്തിപ്പിക്കുക എന്നതാണ് സർക്കാരിന്റെ നയം. അതനുസരിച്ചാണ് 1984-ൽ കാപ്പക്സ് രൂപീകരിച്ചത്. അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളം കാപ്പക്സ് ഏറെറടുത്ത് നടത്തണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. സാമ്പത്തിക പരിമിതിമൂലം ഘട്ടം ഘട്ടമായിട്ടേ ഇത് നടപ്പാക്കാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly